പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 888 | 30/01/2019 ൽ മറുപടിക്ക്

## പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ കന്നുകാലി കർഷകർക്ക് സഹായം

ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കന്നുകാലികളും തൊഴുത്തും മറ്റും നഷ്ടപ്പെട്ട കന്നുകാലി കർഷകർക്ക് അർഹമായ സഹായങ്ങൾ നാളിതുവരെയും ലഭ്യമായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | ഇത്തരത്തിൽ നാശനഷ്ടമുണ്ടായ എത്ര കർഷകർക്ക് കൂടി സഹായം നൽകാൻ ബാക്കിയുണ്ട്; സഹായം നൽകുന്നതിന് ഇത്രയും കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; | ബി) | മേലാറ്റൂർ, പുലാമന്തോൾ, പെരിന്തൽമണ്ണ, ആലിപ്പറമ്പ് എന്നി പഞ്ചായത്തുകളിൽ നിന്നും ലഭിച്ച 18 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഏലംകുളം, വെട്ടത്തൂർ എന്നി പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാൽ ആയത് ശരിയാക്കി ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രളയത്തെ തുടർന്ന് നാശനഷ്ടമുണ്ടായ കന്നുകാലി കർഷകർക്ക് കന്നുകാലികളെ വിതരണം ചെയ്യുന്നതിനും തൊഴുത്തുകൾ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ സഹായം നൽകുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നവകേരള സൃഷ്ടി പ്രകാരം പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നി വളർത്തൽ, കോഴി വളർത്തൽ, താറാവു വളർത്തൽ എന്നീ പദ്ധതികളും കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം, ഇവയും ഉൾപ്പെടുത്തി 77 കോടി രൂപയുടെ പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ